"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്

നമ്പർ.-C3/183/2019-HEDN 22-08-2023,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്

രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് - നോൺ കോമ്പൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് - സംബന്ധിച്ച്

സൂചന:- 06.05.2023 തീയതിയിലെ ഇതേ നമ്പർ സർക്കാർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. എൻടി കേഡറിൽ, അതായത് അസ്സിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ മാത്രമേ നോൺ കോമ്പൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ് നൽകേണ്ടതുള്ളു എന്നും പി.എച്ച് .ഡി അടിസ്ഥാനയോഗ്യത ആയി നിശ്ചയിച്ചിട്ടുള്ള തസ്തികക്ക് മുൻകൂർ ഇൻക്രിമെന്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്നും യുജിസി സ്പഷ്ടീകരണം നൽകിയ സാഹചര്യത്തിൽ അസ്സിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ തുടക്കശമ്പളത്തിന്റെ അടിസ്ഥാനത്തിൽ അസ്സിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ മാത്രമേ നോൺകോമ്പണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചു നൽകാവൂ എന്നും പി.എച്ച്.ഡി അടിസ്ഥാനയോഗ്യത ആയി നിശ്ചയിച്ചിട്ടുള്ള തസ്തികക്ക് മുൻകൂർ ഇൻക്രിമെന്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്നും അപ്രകാരമല്ലാതെ അനുവദിച്ച അധിക ഇൻക്രിമെന്റുകൾ ക്രമീകരിക്കേണ്ടതാണെന്നും ഈ ഇനത്തിൽ അധിക തക അനുവടദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണെന്നും കൂടാതെ, ആറാം യു.ജി.സി/എഐസിറ്റിഇ സ്കീം പ്രകാരം നൽകി വന്നിരുന്ന PhD/ M Phil നുള്ള നോൺ-കോമ്പൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ് 02.11.2017 മുതൽ പ്രാബല്യത്തിൽ നിർത്തലാക്കിക്കൊണ്ട് 19.10.2022ലെ G.O(Ms ) No.183/2022/Fin ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്നും ടി ഉത്തരവ് പ്രകാരം PhD/ M Phil നുള്ള നോൺ-കോമ്പാണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ് പ്രി റിവൈസ്ഡ് റേറ്റിൽ 01/11/2017 വരെ മാത്രം അനുവദനീയമാണെന്നും 01/11/2017-ന് ശേഷം അനുവദിച്ച് നല്ലിയിട്ടുള്ള അഡ്വാൻസ് ഇൻക്രിമെന്റ് തുക ശമ്പള പരിഷ്കരണ കുടിശ്ശികയിൽ നിന്നും ഈടാക്കേണ്ടതാണെന്നും കാണിച്ച് സൂചന പ്രകാരം സർക്കാർ കത്ത് അയച്ചിരുന്നു

എന്നാൽ പ്രസ്തുത വിഷയം പുനഃ പരിശോധിച്ചതിൽ യു.ജി.സി യുടെ സ്പഷ്ടീകരണം യു.ജി.സി റെഗുലേഷൻ പ്രകാരം ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്ന ജീവനക്കാർക്ക് ബാധകമാണോ എന്നത് സംബന്ധിച്ചും സൂചന കത്തിന്റെ മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച പരിപത്രവും അടിയന്തിരമായി പുനഃപരിശോധിച്ച് വ്യക്തമായ നിർദ്ദേശം

അടക്കം സമർപ്പിക്കുവാനും ഇതിൽ വ്യക്തമായ നിർദ്ദേശം നൽകുന്നതു വരെ 06/05/2023 ലെ C3/183/2019/HEDN നമ്പർ സർക്കാർ കത്തിന്മേലുള്ള എല്ലാ നടപടികളും നിർത്തി വയ്ക്കുന്നതിനും താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
SINDU P.K
ADDITIONAL SECRETARY
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
JOSE A
Date: 22-08-2023 15:04:54

സെക്ഷൻ ഓഫീസർ